**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3294** **01-03-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന ലേബർ ക്യാമ്പുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിലെ ചാലത്തെരുവിൽ ഇരുനില കെട്ടിടത്തിനുമുകളിൽ ഷീറ്റിട്ട ടെറസിൽ വൃത്തിഹീനമായ അന്തരീക്ഷത്തിൽ വായുസഞ്ചാരമില്ലാത്ത മുറികളിൽ നിരവധി പാചകവാതക സിലിണ്ടറുകളുടെ ഇടയിൽ 400-ഓളം അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നതായുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ ടി കെട്ടിടത്തിൽ പരിശോധന നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് 03/02/2023 തീയതിയിൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന 100-ൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണ മേഖലയിൽ ഇവർക്കു നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും, അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നുമാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | താമസ സ്ഥലങ്ങളിൽ ഉൾക്കൊള്ളാവുന്നതിലധികം പേരെ പാർപ്പിച്ചിരിക്കുന്നതായും മതിയായ ശുചിമുറി സൗകര്യം ഇല്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിലെ ചാലത്തെരുവിൽ ഇരുനില കെട്ടിടത്തിനുമുകളിൽ ഷീറ്റിട്ട ടെറസിൽ വൃത്തിഹീനമായ അന്തരീക്ഷത്തിൽ വായുസഞ്ചാരമില്ലാത്ത മുറികളിൽ നിരവധി പാചകവാതക സിലിണ്ടറുകളുടെ ഇടയിൽ 400-ഓളം അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നതായുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ ടി കെട്ടിടത്തിൽ പരിശോധന നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് 03/02/2023 തീയതിയിൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന 100-ൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണ മേഖലയിൽ ഇവർക്കു നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും, അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നുമാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ വരുത്താൻ തൊഴിൽ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഇതര സംസ്ഥാന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുബന്ധമായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുന്നുണ്ട്.<br><br>അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തുവരുന്നു. ശോചനീയമായ താമസ സൗകര്യത്തിൽ താമസിച്ചിരിക്കുന്ന തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കാണുന്ന സ്ഥലങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ